# 9

# ഒരു ദുഃഖഗാനം

## (4:13- 22)

ദൈവത്തിന്റെ ആലയമുായിരുന്ന പട്ടണത്തിന്റെ, നാശാവശിഷ്ടങ്ങൾക്കിടയിലൂടെ നടന്നപ്പോൾ, യിരെമ്യാവ് ആ നാശത്തിന്റെ കാരണത്തെ കുറിച്ച് ചിന്തിച്ചു. ആപത്ത് വരുമ്പോൾ, നമുക്ക് പുറമെ മറ്റാരെയെങ്കിലും മറ്റെന്തിനെയെങ്കിലും നാം പഴിക്കും. എന്തെങ്കിലും മോശമായത് സംഭവിക്കുമ്പോൾ, അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ നമുക്ക് മടിയായതുകൊ്, യഥാർത്ഥ കാരണം പലപ്പോഴും ഒരു മർമ്മമായി, നമ്മുടെ ഉപബോധമനസിൽ മറഞ്ഞു കിടക്കും. നമ്മെ എന്തിന് കുറ്റത്തിന്റെ പാതയിലേക്ക് അയക്കണം? ആ വസ്തുതയിലേക്ക് എന്തിന് കുറ്റത്തിന്റെ വിരൽ ചൂണം? അതുകൊ് എന്തു ഗൂണം കിട്ടും?

അവർ നശിക്കുവാൻ കാരണമെന്താണെന്ന് യെഹൂദ്യയിലേയും യെരുശലേമിലേയും ആളുകൾ അറിയണമെന്ന് ദൈവം ആഗ്രഹിച്ചു! യെരുശലേം ഓർമ്മിക്കുകയും പഠിക്കുകയും വേണമെന്ന് അവൻ ആഗ്രഹിച്ചു. ആളുകൾ എന്തുകൊ് കഷ്ടപ്പെടേിവന്നു എന്ന് അവരോട് പറയുവാൻ ദൈവം യിരെമ്യാവെ അയച്ചു:

> അതിന്റെ നടുവിൽ നീതിമാന്മാരുടെ രക്തം ചൊരിഞ്ഞിട്ടുള്ള പ്രവാചകന്മാരുടെ പാപങ്ങളും, പുരോഹിതന്മാരുടെ അകൃത്യങ്ങളും ഹേതുവായി അവർ കുരുടന്മാരായി, വീഥികളിൽ ഉഴന്ന് രക്തം പുരു നടക്കുന്നു; അവരുടെ വസ്ത്രം ആർക്കും "തൊട്ടുകൂടാ. മാറുവിൻ," "അശുദ്ധൻ, മാറുവിൻ, മാറുവിൻ!" തൊടരുത്! എന്ന് അവരോട് വിളിച്ചുപറയും. അവർ ഓടി ഉഴലുമ്പോൾ, "അവർ ഇനി ഇവിടെ വന്ന് പാർക്കയില്ല" എന്ന് ജാതികളുടെ ഇടയിൽ പറയും. യഹോവയുടെ നോട്ടം അവരെ ചിതറിച്ചു; ... അവൻ അവരെ കടാക്ഷിക്കയില്ല. അവർ പുരോഹിതന്മാരെ ആദരിച്ചില്ല, വൃദ്ധന്മാരോട് കൃപ കാണിച്ചതുമില്ല. വ്യർത്ഥസഹായത്തിനായി നോക്കി ഞങ്ങളുടെ കണ്ണ് ഇപ്പോഴും മങ്ങുന്നു. രക്ഷിപ്പാൻ കഴിയാത്ത ജാതിക്കായി ഞങ്ങൾ ഞങ്ങളുടെ കാവൽമാളികയിൽ കാത്തിരിക്കുന്നു. ഞങ്ങളുടെ വീഥികളിൽ ഞങ്ങൾക്ക് നടന്നുകൂടാതവണ്ണം അവർ ഞങ്ങളുടെ കാലടികൾക്ക് പതിയിരിക്കുന്നു. ഞങ്ങളുടെ അവസാനം അടുത്തു, ഞങ്ങളുടെ കാലം തികഞ്ഞു, ഞങ്ങളുടെ അവസാനം വന്നിരിക്കുന്നു. ഞങ്ങളെ പിന്തുടർന്നവർ ആകാശത്തിലെ കഴുക്കളിലും വേഗതയുള്ളവർ, അവർ മലകളിൽ ഞങ്ങളെ പിന്തുടർന്നു, മരുഭൂമിയിൽ ഞങ്ങൾക്കായി പതിയിരുന്നു. ഞങ്ങളുടെ ജീവശ്വാസമായി, യഹോവയുടെ അഭിഷിക്തനായവൻ അവരുടെ കുഴികളിൽ അകപ്പെട്ടിരിക്കുന്നു. "അവന്റെ നിഴലിൽ നാം ജാതികളുടെ മദ്ധ്യേ ജീവിക്കുമെന്ന്" ഞങ്ങൾ വിചാരിച്ചിരുന്നു. ഊസ് ദേശത്ത് പാർക്കുന്ന ഏദോം പുത്രിയേ, നിന്റെ അകൃത്യം തീർന്നിരിക്കുന്നു; ഇനി അവൻ നിന്നെ പ്രവാസത്തിലേക്ക് അയക്കയില്ല.

ഏദോംപുത്രിയേ, അവൻ നിന്റെ അകൃത്യം സന്ദർശിക്കയും നിന്റെ പാപങ്ങൾ വെളിപ്പെടുത്തുകയും ചെയ്യും (4:13-22).

അതൊരു വിജയജാഥയാണെന്ന് വിചാരിച്ച്, വർഷങ്ങളായി അവർ ശ്മശാനഗീതങ്ങൾക്കായി ദൈവജനം പൊയ്ക്കൊിരിക്കുകയാണെന്ന് അവർ അറിയണമെന്ന് ദൈവം ആഗ്രഹിച്ചു. അവർ അകന്നു പോയിരിക്കയാണെന്ന് അറിയുവാൻ, അവൻ ഇഛിച്ചു.

നാശത്തിലേക്കുള്ള വഴിയുടെ മുകൾഭാഗം "നന്നായിരിക്കും" എന്ന ബോർഡുള്ളതും മിനുസമുള്ളതുമായിരിക്കാം, വഴിയിൽ നാടകീയ സ്റ്റോപ്പുകളുമായിരിക്കാം. ആ പാതയിലൂടെയുള്ള യാത്ര ഒരു ഒഴിവുകാലയാത്രയായി തോന്നാം, എന്നാൽ അത് അവസാനം നാശത്തിലെത്തുന്ന പാതയാണ്. യെരുശലേമിലെ ജനങ്ങൾ നടക്കുന്ന വഴി നാശത്തിലേക്കാണെന്ന് യിരെമ്യാവ് നാൽപതു വർഷമായി മുന്നറിയിച്ചുകൊാണിരുന്നത് അവർ അവനിൽ വിശ്വസിച്ചില്ല, കാരണം അവർ പോകുന്ന വഴി ശരിയാണെന്ന് അവർക്ക് തോന്നി. സമയം നന്നായിരുന്നു. ആളുകൾ സമ്പൽസമൃദ്ധിയുള്ളവരായിരുന്നു. അവർ അബ്രഹാമിന്റേയും, യഹൂദയുടേയും, ദാവീദിന്റേയും മക്കളായിരുന്നു. അവർ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നതുകൊ്, തിരഞ്ഞെടുക്കപ്പെട്ടവർക്ക് ദൈവം ഒന്നും വരുത്തുകയില്ല എന്ന് അവർ ചിന്തിച്ചു. അവർ വീും വീും ഉഗ്രമായ ദുർഘടങ്ങളിൽകൂടെ കടന്നുപോയെങ്കിലും, ദൈവം എല്ലായ്പേഴും അവരെ വിജയോൽസവമായി നടത്തിക്കൊുവന്നു. അവരെ വിടുവിച്ചുകൊുവന്നതിന്റെ ഓർമ്മഗീതങ്ങൾ അവർ മറന്നു തുടങ്ങി. അവർ തങ്ങളുടെ ഭൂതകാലസ്മൃതിയിൽനിന്ന് എവിടെ പോകുന്നു എന്ന ചിന്തയില്ലാതായി.

യെഹൂദ്യജനത്തിന് എന്തു സംഭവിച്ചു എന്ന് ഓർമ്മിക്കുവാൻ, യിരെമ്യാവ് അവർക്ക് ഒരു പുതിയ പാട്ട് നൽകി. ആ മൃതശാന്തിഗീതത്തിന്റെ മൂന്ന് സ്റ്റാൻസകൾ നശിച്ചുകൊിരിക്കുന്ന ദേശത്തിനായി, പദ്യരൂപേണ 4:13-22 ൽ നൽകിയിട്ടു്. അതിൽ ഒന്നാമത്തേത് മുഖ്യചിന്തകളാണ്; പിന്നെ നാം കൂടുതൽ അടുത്ത് അറിയും. അവരുടെ നാശത്തിന്റെ ആദ്യകാരണം, അവരുടെ ദൈവഭക്തിയില്ലാത്ത നേതൃത്വം തന്നെയായിരുന്നു. രാമത്തെ കാരണം, അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുമായുായിരുന്ന അവിശുദ്ധസഖ്യമായിരുന്നു. മൂന്നാമത്തേത്, ദൈവത്തോടും, ദൈവം അവരെ സംരക്ഷിച്ചതിനോടും അവർക്ക് നന്ദിയില്ലായിരുന്നു.

## അഭക്ത നേതൃത്വം (4:13-16)

അന്നത്തെ യെഹൂദ്യയിലെ മതാദ്ധ്യക്ഷന്മാർ പ്രവാചകന്മാരും പുരോഹിതന്മാരും ആയിരുന്നു. പ്രവാചകന്മാർ ഉപദേഷ്ടാക്കന്മാരും പുരോഹിതന്മാർ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥന്മാരും ആയിരുന്നു. ആളുകൾക്ക് ദൈവത്തെ പ്രതിനിധാനം ചെയ്യുക എന്നതായിരുന്നു അവരുടെ ഉത്തരവാദിത്വം, അവരായിരുന്നു യെഹൂദ്യയുടെ ആത്മിയ നേതാക്കൾ. ദൈവം തന്റെ ജനത്തിൽനിന്നു പ്രതീക്ഷിക്കുന്ന ജീവിത മാതൃക അവരിൽ ഉായിരിക്കണമായിരുന്നു. അവർ ജനത്തെ ദൈവത്തിങ്കലേക്ക് നയിക്കണമായിരുന്നു, എന്നാൽ അവർ പോലും ദൈവസന്നിധിയിൽ ആയിരുന്നില്ല (വാ.13).

അവർ ഏറ്റവും കഴിവുള്ളവരും, പ്രചാരമുള്ളവരും, ഏറ്റവും ശക്തിയുള്ളവരുമാകുവാൻ ആഗ്രഹിച്ചു. അവർ ജാതികളിലേക്ക് തിരിഞ്ഞ് അവരെപേ

ാലെ ആകുവാൻ ഇഛരിക്കുകയും, അതേസമയം ദൈവത്തിന്റെ ജനമായി അറിയപ്പെടുവാനും ആഗ്രഹിച്ചു. ആ ജീവിതരീതി ആളുകൾ ഇഷ്ടപ്പെട്ടു. അന്യദേവന്മാരെ നമസ്ക്കരിക്കുന്നവർ വാഗ്ദാനം ചെയ്യുന്ന സുഖം അവർ ആസ്വദിക്കയും ദൈവത്തോട് വിശ്വസ്തരാണെന്ന് അവകാശപ്പെടുകയും ചെയ്തു. ആളുകൾ കേൾക്കുവാൻ ആഗ്രഹിച്ചതായ പ്രസംഗം ആയ "നന്നാ യിരിക്കുക" എന്നതായിരുന്നു അവരുടെ അദ്ധ്യക്ഷന്മാരുടെ പ്രസംഗം. അവ രുടെ തെറ്റുകളെയും അവിശ്വസ്തതയെയും കില്ലെന്ന് നടിക്കുന്ന വിധത്തിൽ നീതിയെ അവർ നിർവ്വചിക്കുവാൻ തുടങ്ങി. അവർ ദൈവേഷ്ടം ചെയ്യുന്നു വെന്ന് അവകാശപ്പെട്ട് ന്യായപ്രമാണത്തിലെ "പഴുതുകൾ" നോക്കി തങ്ങളുടെ ഇഷ്ടത്തിന് ഊന്നൽ കൊടുത്തുതുടങ്ങി.

അവന്റെ നാമം ഉള്ള പുസ്തകം എടുത്ത് അവർ കള്ളപ്രവചനം നടത്തി മലിനമായ പരിശീലനം നടത്തുന്നതിനെ കുറിച്ച് യിരെമ്യാവിന് വളരെ പറയുവാനുായിരുന്നു:

> "പ്രവാചകന്മാർ വ്യാജമായി പ്രവചിക്കുന്നു. പുരോഹിതന്മാരും അവ രോട് ഒരു കയ്യായി നിന്നു അധികാരം നടത്തുന്നു; എന്റെ ജനത്തിന്നോ അത് കഷ്ടം ആകുന്നു. എന്നാൽ ഒടുക്കം നിങ്ങൾ എന്തു ചെയ്യും?" (യിരെമ്യാവ് 5:31).

> "അവരൊക്കെയും ആബാലവൃദ്ധം ദ്രവ്യാഗ്രഹികൾ ആകുന്നു. പുരോഹി തന്മാരും പ്രവാചകന്മാരും ഒരുപോലെ വ്യാജം പ്രവർത്തിക്കുന്നു. സമാ ധാനം ഇല്ലാതിരിക്കെ, 'സമാധാനം, സമാധാനം' എന്നു അവർ പറഞ്ഞ്, എന്റെ ജനത്തിന്റെ മുറിവിന്ന് ലഘുവായി ചികിൽസിക്കുന്നു. മ്ലേഛത പ്രവർത്തിച്ചതുകൊ് അവർ ലജ്ജിക്കേിവരും; അവർ ലജ്ജിക്കയോ നാണം അറികയോ ചെയ്തിട്ടില്ല. അതുകൊ് വീഴുന്നവരുടെ ഇടയിൽ അവർ വീണുപോകും. ഞാൻ അവരെ സന്ദർശിക്കുന്ന കാലത്ത് അവർ ഇടറി വീഴും" എന്ന് യഹോവയുടെ അരുളപ്പാട് (യിരെമ്യാവ് 6:13-15).

യിരെമ്യാവിനെ പോലെ - നീതിമാനായ ഒരാൾ - എഴുന്നേറ്റ് അവർക്ക് വെല്ലുവിളി നൽകുമ്പോൾ, അവർ അവനിൽ രാജ്യദ്രോഹം, ഭിന്നത, അല്ലെങ്കിൽ ദൈവദൂഷണം എന്നീ കുറ്റങ്ങൾ ചുമത്തി, അവന് സമൂഹത്തിലുള്ള സ്വാധീനം ഇല്ലാതാക്കുവാനാണ് ശ്രമിച്ചത്. ഉയർന്ന സ്ഥാനങ്ങളിൽ അവർക്കുായിരുന്ന ശക്തിയും സ്വാധീനവും നിമിത്തം, അക്ഷരികമായി അവർക്ക് കുല ചെയ്യിക്കുവാനും കഴിയുമായിരുന്നു. അവസാനം ന്യായവിധി അവരുടെമേൽ വന്നു. അവർ വീഥികളിൽ അന്ധന്മാരെ പോലെ അലഞ്ഞ്തിരിഞ്ഞ്, അടിച്ച് മോഹാൽസ്യപ്പെട്ടു. അത്തരം ആളുകളെ കുറിച്ച്, യെശയ്യാവ് പറഞ്ഞു, "ഞങ്ങൾ കുരുടന്മാരെ പോലെ ചവർ തപ്പി നടക്കുന്നു, കണ്ണില്ലാത്തവരെപേ ാലെ ഞങ്ങൾ തപ്പിത്തടഞ്ഞു നടക്കുന്നു. സന്ധ്യാസമയത്ത് എന്നപോലെ ഞങ്ങൾ മദ്ധ്യാഹ്നത്തിൽ ഇടറുന്നു. ആരോഗ്യമുള്ളവരുടെ മദ്ധ്യേ ഞങ്ങൾ മരിച്ചവരെ പോലെ ആകുന്നു" (യെശയ്യാവ് 59:10). തെറ്റിദ്ധരിക്കപ്പെട്ട് തങ്ങളുടെ ദിശാബോധം നഷ്ടപ്പെട്ട ആളുകളെ കുറിച്ചാണ് യെശയ്യാവ് സംസാരിക്കുന്നത്. ഏതു വഴിക്കാണ് തിരിയേത് എന്നറിയാതെ, അവർ ലക്ഷ്യമില്ലാതെ അലഞ്ഞു നടക്കുന്നു.

ആളുകളോട് അവർ അന്യായമായി പെരുമാറിയതിനുപുറമെ, യെഹൂദ്യയിലെ അദ്ധ്യക്ഷന്മാർ നിരപരാധികളുടെ രക്തം ചിന്തി അവരുടെ വസ്ത്രം മലിനമാക്കിയിരുന്നു (വാ.13, 14). അവരുടെ പരിതാപകരമായ സ്ഥിതിയിൽ, ഒന്നുകിൽ അവർ കുഷ്ഠരോഗിയുടെ കരച്ചിൽ എടുത്തു അല്ലെങ്കിൽ സമൂഹത്തിലെ ജനങ്ങൾ കുഷ്ഠരോഗികളെ അകറ്റിക്കളയുന്നതുപോലെ അവരെ അകറ്റിക്കളഞ്ഞു (വാ.15). കുഷ്ഠരോഗം പകർച്ചവ്യാധി ആയതുകൊ് കുഷ്ഠരോഗികളെ അശുദ്ധരായിട്ടാണ് കണക്കാക്കിയിരുന്നത്. അവർക്ക് സമൂഹത്തിൽ ആരുമായും ശാരീരികമായി ബന്ധമില്ലായിരുന്നു. അവർ വേറിട്ട് ഒറ്റക്കുള്ള ജീവിതമാണ് നയിച്ചിരുന്നത്. മറ്റുള്ളവരുടെ ഇടയിൽ ന്യായപ്രമാണപ്രകാരം അവർ (ലേവ്യാപുസ്തകം 13:45, 46) "അശുദ്ധൻ! അശുദ്ധൻ!" എന്നു മറ്റുള്ളവർ അശുദ്ധരായി തീരാതിരിക്കേിന്ന് അകന്നുപോകുവാൻ നിലവിളിക്കണമായിരുന്നു.

കുഷ്ഠരോഗികളെ പോലെ, യെഹൂദ്യയിലെ അഭക്തരായ അദ്ധ്യക്ഷന്മാർ ഒരു രാജ്യമില്ലാത്ത ആളുകളായി. അവരെ ഒരു രാജ്യത്തിലെയും ആളുകളൊത്തു വസിപ്പാൻ അനുവദിച്ചിരുന്നില്ല. യഹോവയുടെ സാന്നിദ്ധ്യത്താൽ അവർ ശരിക്കും ചിതറപ്പെട്ടു (വാ.16). അവർ ഒരിക്കൽ ദൈവസാന്നിദ്ധ്യത്താൽ ചേർക്കപ്പെട്ടവരും മറ്റുള്ളവരെ കർത്താവിങ്കലേക്ക് ചേർക്കേതിനു സമർപ്പിക്കപ്പെട്ടവരുമായിരുന്നു. ദൈവത്തിനോ മനുഷ്യർക്കോ അവരോട് ഒരു കാര്യവുമില്ലാത്ത അവസ്ഥയായി. അവരുടെ തനിനിറം പുറത്തുവന്നു. അവരുടെ വ്യാജസന്ദേശങ്ങൾ തെറ്റാണെന്ന് തെളിഞ്ഞു. അവർക്ക് ഒന്നും പറയുവാനില്ലെന്നായി. അവർക്ക് ആളുകൾക്കിടയിൽ ബഹുമാനം നഷ്ടമായി. അതിശയിക്കുവാനില്ല! അവരുടെ സാന്നിദ്ധ്യത്താൽ സഹായിച്ച് ശുദ്ധീകരിക്കപ്പെടേ ആളുകൾ അവരുടെ സാന്നിദ്ധ്യത്താൽ മലിനരായിതീർന്നു.

ഉപദേഷ്ട്ടാക്കളോടും മതാദ്ധ്യക്ഷന്മാരോടും ഉണരുവാനുള്ള എന്തൊരു ആഹ്വാനം!

> ഹേ, അന്യനെ ഉപദേശിക്കുന്നവനേ, നീ നിന്നെത്തന്നെ ഉപദേശിക്കാത്തത് എന്ത്? മോഷ്ടിക്കരുതെന്ന് പ്രസംഗിക്കുന്ന നീ മോഷ്ടിക്കുന്നുവോ? വ്യഭിചാരം ചെയ്യരുതെന്ന് പറയുന്ന നീ വ്യഭിചാരം ചെയ്യുന്നുവോ? വിഗ്രഹങ്ങളെ വെറുക്കുന്ന നീ ക്ഷേത്രം കവർച്ച ചെയ്യുന്നുവോ? ന്യായപ്രമാണത്തിൽ പ്രശംസിക്കുന്ന നീ ന്യായപ്രമാണ ലംഘനത്താൽ ദൈവത്തെ അപമാനിക്കുന്നുവോ? "നിങ്ങൾ നിമിത്തം ദൈവത്തിന്റെ നാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു" എന്ന് എഴുതിയിരിക്കുന്നുവല്ലൊ (റോമർ 2:21-24).

ഈ കാലയളവിൽ ഉപദേഷ്ടാക്കന്മാർക്ക് പല നിഷേധമായ ശ്രദ്ധ ലഭിക്കയുായി. മോശമായവർ നിമിത്തം ചിലപ്പോൾ നല്ലവർ കഷ്ടപ്പെടേി വന്നിട്ടു്. ലോകത്തിന് ഒരാളെ മറ്റൊരാളിൽനിന്ന് തിരിച്ചറിയുവാൻ കഴിഞ്ഞിരുന്നില്ല. എല്ലാ ഉപദേഷ്ടാക്കന്മാരേയും അവർ ഒരേ ഗണത്തിലാണ് ഉൾപ്പെടുത്തുന്നത്. ആരോ പറഞ്ഞു, "നമുക്ക് സമർപ്പിക്കപ്പെട്ട ഉപദേഷ്ടാക്കന്മാരെ കിട്ടുകയാണെങ്കിൽ, നമുക്ക് ലോകത്തെ ക്രിസ്തുവിനായി നേടുവാൻ കഴിയും."

സാത്താന് ഉപദേഷ്ടാക്കന്മാരെ അറിയാം. ഉപദേഷ്ടാക്കന്മാർ തിരിച്ചറിയാതെ അവരുടെ സന്ദേശം സൂത്രത്തിൽ എങ്ങനെ വൃഥാവാക്കാമെന്ന് അവന്

നന്നായി അറിയാം. ലോകത്തിന്റെ മൂല്യത്തിൽ വിജയിക്കണമെന്ന തോന്ന ലുളവാക്കി സമൂഹവും സഭയും പരസ്പരം എളുപ്പത്തിൽ ആനന്ദം കത്തെു ന്നവരായി തീരുന്നു. ധൃത-ഗതിയിൽ വ്യവസായം ചെയ്യുന്ന നേട്ടങ്ങളുടെ ന ിലവാരത്തിലേക്ക് നീങ്ങുവാൻ ഉപദേഷ്ടാക്കന്മാരെ പ്രേരിപ്പിക്കുന്നതുകൊ് അവർ സഭയുടെ "ചീഫ് എക്സികൂട്ടീവ് ഓഫീസേഴ്സ്" ആകും.

ഉപദേഷ്ടാക്കന്മാരും മതാദ്ധ്യക്ഷന്മാരും ദൈവസാന്നിദ്ധ്യത്തിൽ ജീവിച്ച് മറ്റുള്ളവരെ അവന്റെ സാന്നിദ്ധ്യത്തിന്റെ വെളിച്ചത്തിൽ ആകർഷിക്കുവാൻ ശ്രമിച്ചാൽ, അവർ, യിരെമ്യാവിനെ പോലെ, പ്രതിരോധം നേരിടേിവരും. ഞായറാഴ്ച്ച ഒരു-മണിക്കുറിൽ സഭായോഗം കൂടുന്നതിലധികമായി പലർക്കും വേന്നെ് തോന്നുന്നു - അവർ ഇഛരിക്കുന്നതുപോലെ ചെയ്യുവാൻ അനുവ ദിച്ചാൽ മാത്രം അതു ചെയ്യും. എങ്ങനെയായാലും, ചില ക്രിസ്ത്യാനികൾ അതിലധികമായി വചനം കേൾക്കുവാനും അതനുസരിച്ച് ജീവിക്കുവാനും സന്തോഷിക്കുന്നവരാണ്. എന്തുവന്നാലും, അവർ ദൈവസാന്നിദ്ധ്യത്താൽ നിറയുവാൻ ആഗ്രഹിക്കുന്നു.

ആ ആളുകളെ പോഷിപ്പിച്ചു നയിക്കുവാൻ ഉപദേശിക്കുക. വേത്ര ദൈ ദവത്തെ ലഭിക്കാത്തവർക്ക് വെല്ലുവിളിയിലേക്ക് നയിക്കുവാൻ ഉപദേശിക്കുക.

## അവിശുദ്ധ സഖ്യം (4:17-19)

ബാബേലിന്റെ സൈന്യം യെരുശലേമിനെ വളഞ്ഞു. പട്ടണത്തിൽനിന്നും ആർക്കും പുറത്തുപോകുവാനോ, പട്ടണത്തിലേക്ക് ആർക്കെങ്കിലും പ്രവേശി ക്കുവാനോ കഴിഞ്ഞില്ല. ജലദൗർലഭ്യം നേരിട്ടു. ആഹാരപദാർത്ഥ വിതരണം കുറഞ്ഞു. ആളുകൾ ക്ഷീണിക്കുവാൻ തുടങ്ങി. ആർ അവരെ വിടുവിക്കും? മിസ്രയിം മാത്രമാണ് അവരുടെ പ്രത്യാശ എന്നാണ് അവർ വിചാരിച്ചത്. അവ സാനം ഫറവോന്റെ സൈന്യം വന്നപ്പോൾ, ബാബേൽ സൈന്യം അവരെ തുരത്തി. ഈ സമയത്ത് യിരെമ്യാവിന്ന് ദൈവത്തിന്റെ അരുളപ്പാട് ലഭിച്ചു:

> "യിസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, 'അരുളപ്പാട് ചോദിപ്പാൻ നിങ്ങളെ എന്റെ അടുക്കൽ അയച്ച യെഹൂദര ാജാവിനോട് നിങ്ങൾ പറയേത്, "നിങ്ങൾക്ക് സഹായത്തിനായി പുറപ്പെ ട്ടിരിക്കുന്ന ഫറവോന്റെ സൈന്യം തങ്ങളുടെ ദേശമായ മിസ്രയിമിലേക്ക് മടങ്ങിപ്പോകും. കൽദയരോ മടങ്ങി വന്ന് ഈ നഗരത്തോട് യുദ്ധം ചെയ്തു അതിനെ പിടിച്ചു തീ വെച്ചു ചുട്ടുകളയും"'. യഹോവ ഇപ്ര കാരം അരുളിച്ചെയ്യുന്നു, '"കൽദയർ നിശ്ചയമായിട്ടു നമ്മെ വിട്ടുപോകും എന്നു പറഞ്ഞു നിങ്ങളെത്തന്നെ വഞ്ചിക്കരുത്, അവർ വിട്ടുപോകയില്ല." നിങ്ങളോടു യുദ്ധം ചെയ്യുന്ന കൽദയരുടെ സർവ്വസൈന്യത്തെയും ന ിങ്ങൾ തോൽപിച്ചിട്ടു, മുറിവേറ്റ ചിലർ മാത്രം ശേഷിച്ചിരുന്നാലും, അവർ ഓരോരുത്തൻ താന്താന്റെ കൂടാരത്തിൽനിന്നു എഴുന്നേറ്റുവന്ന്, ഈ നഗ രത്തെ തീവെച്ചു ചുട്ടുകളയും'" (യിരെമ്യാവ് 37:7-10).

മിസ്രയിം സൈന്യം അധികം അവിടെ തങ്ങിയില്ല. യിരെമ്യാവിന്റെ മുന്നറി യിപ്പ് കൃത്യമായി നിറവേറി:മിസ്രയിം സൈന്യം വിട്ടുപോയപ്പോൾ ബാബേൽ സൈന്യം മടങ്ങിവന്നു. മിസ്രയിം സൈന്യം അവരെ വീും വന്ന് വിടുവി ക്കുമെന്ന് സ്വപ്നം ക യെഹൂദർ നിരാശയിലായി (വാ.17). അവരുടെ കണ്ണു

കൾ അവരെ പരാജയപ്പെടുത്തുവോളം അവർ നോക്കിക്കൊിരുന്നതല്ലാതെ മിസ്രയിം സൈന്യം മടങ്ങിവന്നില്ല.

ഒരു പട്ടി തന്റെ ഇരയെ വേട്ടയാടി പിടിക്കേിനെന്നപോലെ ആളുകൾ ബന്ധിക്കപ്പെട്ടിരുന്നു (വാ.18). ആക്രമണഭയത്തോടെയാണ് ആളുകൾ സ്വന്തപട്ടണവീഥികളിൽ കൂടെ നടന്നത്. അവസാനം, അവർക്ക് പ്രത്യാശ ഇല്ലാതായി. ബാബേൽ പ്രഭുക്കന്മാർ വന്ന് അവരുടെ പട്ടണമദ്ധ്യേ ഇരിക്കുന്ന സമയം അടുത്തു, തങ്ങളുടെ അന്ത്യം അടുത്തു എന്നവർക്ക് തോന്നി (യിരെമ്യാവ് 39:3). ബലഹീനരായിതീർന്നതുകൊ്, തങ്ങൾക്ക് ഇനി യുദ്ധം ചെയ്യുവാൻ കഴിവില്ല എന്ന് അവർക്ക് മനസിലായി. രാജാവിന്റെ സൈന്യം ഓടി രക്ഷപ്പെടുവാൻ ആരംഭിച്ചു. യെഹൂദാരാജാവായിരുന്ന സിദെക്കിയാവും അവന്റെ പ്രമാണിമാരും സൈന്യവും രാത്രിയിൽ പട്ടണമതിൽ പൊളിച്ച് പുറത്തുകടന്ന് ഓടി. എന്നാൽ അവരുടെ പുറകെ പാഞ്ഞ ബാബേൽ സൈന്യത്തിന്റെ വേഗത "കഴുകന്റെ വേഗതയേക്കാൾ വേഗത്തിലായിരുന്നു" (വാ.19). മലകളിലേക്ക് ഓടിയവരെ അവർ പിൻതുടർന്നോടി, മരുഭൂമിയിലിട്ട്, വളഞ്ഞു, കീഴ്പ്പെടുത്തി പിടിച്ചു. സിദെക്കിയാവിന്റെ പുത്രന്മാരെയും യെഹൂദാപ്രഭുക്കന്മാരെയും കൊന്നുകളഞ്ഞു; സിദെക്കിയാവിന്റെ കണ്ണുകൾ ചുഴ്ന്നെടുക്കുകയും ചെയ്തു (യിരെമ്യാവ് 39:4-7).

മിസ്രയിമുമായുള്ള യെഹൂദ്യയുടെ ദീർഘകാല സഖ്യം അവർക്ക് വിടുവിപ്പ് ലഭ്യമാക്കിയില്ല. ആളുകൾ തങ്ങളുടെ ശരിയായ വിടുവിപ്പുകാരനെ മറന്നുപോയി. ദൈവത്തിന് മാത്രം ചെയ്യുവാൻ കഴിയുന്നത് ചെയ്യുവാൻ മറ്റാരെയെങ്കിലും ആശ്രയിക്കുന്നത് പരമോന്നതനായ ദൈവത്തെ പരിഹസിക്കലാണ്. ദൈവമാണ് തന്റെ ജനത്തിന്റെ വീടെുപ്പുകാരൻ. നമ്മുടെ തെറ്റുകളുടെ അനന്തരഫലമായ കഷ്ടതയിൽനിന്നും വേദനയിൽനിന്നും വിടുവിക്കുവാൻ ലോകപ്രകാരമുള്ള സഖ്യത്തിൽ ആശ്രയിക്കുന്നത് വിഗ്രഹാരാധന പോലെയാണ്. അവിശുദ്ധമായ കൂട്ട്കെട്ട് ദൈവത്തെ വിട്ടുവീഴ്ച്ച ചെയ്യുന്നതും പൂർണ്ണമായും അവനെ ഉപേക്ഷിക്കുന്നത് മോശവുമാണ്. ദൈവത്തെ വിട്ടുവീഴ്ച്ച ചെയ്യാവുന്നതല്ല! നാം മറ്റു സഹായത്തിന്റേയും ആശ്വാസത്തിന്റേയും ഉറവിടം അന്വേഷിക്കുമ്പോൾ, ദൈവം നമുക്ക് ചുറ്റും ഉാവുകയില്ല.

നാം സമ്പൽസമൃദ്ധിയിലും, സുഖത്തിലും, പ്രചാരത്തിലും, ആശ്രയം വെക്കുമ്പോൾ, സന്തോഷം ലഭിക്കുമെന്ന് വിചാരിക്കയും, ശുന്യത നിറെക്കുവാൻ ശ്രമിക്കയും നമ്മുടെ കുറ്റം മറക്കുകയും ചെയ്യുന്നു. നാം നോക്കിപ്പാർക്കുന്ന സമാധാനം കൈവരിക്കുമെന്ന് വിചാരിക്കുന്നത് നമ്മെ പരാജയപ്പെടുത്തും. ദൈവത്തിനുള്ളിൽനിന്നാണ് വാസ്തവത്തിലുള്ള വിടുവിപ്പ് വരുന്നത്.

### നന്ദിയില്ലാത്ത മനോഭാവങ്ങൾ (4:20-22)

വാക്യം 20 ൽ, "ഞങ്ങളുടെ ജീവശ്വാസമായവൻ, യഹോവയുടെ അഭിഷിക്തൻ" എന്ന് പറയുന്നത് സിദെക്കിയാവിനെയാണ്. യെഹൂദാജനം അവന്റെ നിഴലിലാണ് ആശ്രയിച്ചത്. ഒരുപക്ഷെ അവർ ദൈവത്തിന്റെ സംരക്ഷണത്തിൽ ആശ്രയിക്കുന്നതിലധികമായി സിദെക്കിയാവിന്റെ നേതൃത്വത്തിൽ ആശ്രയിച്ചിരിക്കയില്ല. അവരുടെ രാജാവ് യഹോവയുടെ അഭിഷിക്തനായിരുന്നതു മാത്രമല്ല, അവർ ദൈവം തിരഞ്ഞെടുത്ത ജനമായിരുന്നു! ബാബേൽ അഭിഷേകം ചെയ്ത ഒരു പാവപോലെയായിരുന്നു സിദെക്കിയാവ് എന്ന് അവർ വിചാരിച്ചിരുന്നുവെങ്കിലും, ആളുകൾക്ക് ജാതികൾക്കിടയിൽ ഒരു പ്രമുഖസ്ഥാനം

ഉന്നൊണ് അവർ കരുതിയത്.

ജീവിതത്തിൽ മറ്റുള്ളവർ തങ്ങളെ കരുതുവാനും ആശ്വസിപ്പാനും അവർക്ക് കടപ്പാടുന്ന് വിശ്വസിക്കുന്നവർ തങ്ങളുടെ വ്യക്തിപരമായ ഉത്ത രവാദിത്വത്തെ കാണുന്നില്ല. "എനിക്ക് തരിക" എന്ന നന്ദിയില്ലാത്ത മനോഭാ വക്കാർ തങ്ങളുടെ "അവകാശത്തെ" കുറിച്ചു മാത്രം ചിന്തിക്കുന്നവരാണ്. നമ്മുടെ "അർഹതയെ" നാം അവകാശമാക്കുമ്പോൾ മറ്റുള്ളവരുടെ "അവ കാശത്തെ" നമ്മുടെ പിന്നിലേക്ക് തള്ളിക്കളയുകയാണ്.

ഈ സന്ദർഭത്തിൽ, ഏദോമ്യരോട് കഴിവതും സന്തോഷിക്കുവാനാണ് പപറഞ്ഞത്, കാരണം അവർക്ക് വിലപിക്കുവാനുള്ള സമയം അടുത്തിരി ക്കുന്നു (വാ.21). യെരുശലേമിന്റെ വീഴ്ച്ചയിൽ അവർക്കു പങ്കുായിരുന്നു, അവർ തങ്ങളുടെ അകൃത്യത്തിൽ മുങ്ങുവാനുള്ള സമയമായിരിക്കുന്നു, അവർ ആരായിരുന്നു എന്ന് വെളിപ്പെടുവാൻ പോകുന്നു. കൊള്ളയടിക്കുന്ന ഒരു ദേശമായി, ജനങ്ങളുടെ "അവകാശങ്ങളെ" പിന്തുടർന്ന്, അവർ യെഹൂ ദാജനത്തിന്റെ "അവകാശങ്ങളെ" അവഗണിച്ചു. യെഹൂദയുടെ വീഴ്ച്ചയിൽ മുതലെടുപ്പ് നടത്തരുതെന്നും, മാന്യത നടിക്കേണ്ടില്ലെന്നും അവരെ മുന്നറി യിച്ചിരുന്നു. അവസാനം യെഹൂദ്യക്ക് ഏദോമ്യരേക്കാൾ പ്രത്യാശയുാകും. "സീയോൻ പുത്രിയുടെ" ശിക്ഷ പൂർത്തിയാക്കി, അവരെ വീും നാടുകടത്തു കയില്ല (വാ.22). എങ്ങനെയായാലും, ഏശാവിന്റെ പിൻഗാമികളായിരുന്ന - ഏദോമ്യർ - പിന്നീട് നിലനിൽക്കാത്തവിധം അവരെ പൂർണ്ണമായി നശിപ്പിക്കും (യിരെമ്യാവ് 49:10).

നാം ഒന്നിനും യോഗ്യതയുള്ളവരല്ല. അനുഗ്രഹങ്ങൾ വരുന്നത് ദൈവ ത്തിൽനിന്നാണെന്നും നമ്മുടെ പരാജയങ്ങൾ നിമിത്തമാണ് പ്രതികൂലങ്ങൾ വരുന്നതെന്നും നാം സമ്മതിക്കണം. എല്ലാറ്റിനും ദൈവത്തെ മഹത്വപ്പെടുത്തു കയും ദൈവത്തിൽ ആശ്രയിക്കുകയും, ഉത്തരവാദിത്തം അംഗീകരിക്കയും ചെയ്യുന്നവരാണ് വാസ്തവത്തിൽ അനുഗ്രഹിക്കപ്പെടുന്നവർ.

---

**സന്ദേശം എന്താണ്?**

ആത്മിയ നാശത്തിലേക്ക് തീർച്ചയുള്ള വഴിയാണ് കർണ്ണരസമാകുമാ റുള്ള ഉപദേശം കേൾക്കണമെന്നത് (2 തിമൊഥെയൊസ് 4:3, 4). എല്ലായ്പ്പേ ാഴും, നമ്മുടെ തീർച്ചയുള്ളവക്ക് വിട്ടുവീഴ്ച്ച ചെയ്യുന്ന അവിശുദ്ധ കൂട്ടുകെ ട്ടുകൾക്കെതിരായി ഉപദേഷ്ടാക്കന്മാർ സംസാരിച്ചുകാണുന്നില്ല. അഭക്തരായ മതാദ്ധ്യക്ഷന്മാരും, ദുഷിച്ച കൂട്ടുകെട്ടും, അത്തരം മനോഭാവങ്ങളും നമ്മെ സ്വധീനിച്ച് നാശത്തിലേക്കുള്ള വിശാലമായ വഴിയിൽ നടക്കുവാൻ നമ്മെ പ്രേരിപ്പിക്കും (മത്തായി 7:13, 14). മുകളിൽ പറഞ്ഞ ഏതെങ്കിലും ഒരു അപകട ത്തിൽ നിങ്ങൾ അകപ്പെട്ടിട്ടുങ്കെിൽ, അതിൽനിന്ന് വിട്ടുമാറി "വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിൽ മാത്രം" നിങ്ങളുടെ വിശ്വാസം അർപ്പിക്കുവാനുള്ള സമയമായി (എബ്രായർ 12:1, 2).

ഇത്തരത്തിലുള്ള ഒരു അദ്ധ്യക്ഷനോ ഉപദേഷ്ടാവോ ആകുവാൻ നിങ്ങൾ പരീക്ഷിക്കപ്പെട്ടിട്ടുങ്കെിൽ, നിങ്ങൾ ദൈവത്തിലേക്ക് തിരിഞ്ഞ് അവൻ പറയു ന്നത് ശ്രദ്ധിക്കുവാനുള്ള സമയമായി.